# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1772 — 22/3/2012 ൽ മറുപടിക്ക്

### തീരദേശ പോലീസ് സ്റ്റേഷനുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എയും, ബിയും)<br>• നിലവിലുള്ള 8 തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഓരോ റെസ്ക്യൂ ബോട്ട് വീതം സജ്ജമാക്കുന്നതാണ്.<br>• ഈ റെസ്ക്യൂ ബോട്ടുകളിലേക്ക് എക്സ് നേവി, എക്സ് കോസ്റ്റ് ഗാർഡുകളിൽ നിന്നും ബോട്ട് കമാണ്ടറായും അസിസ്റ്റന്റ് ബോട്ട് കമാണ്ടറായും സഞ്ചിത മാസ ശമ്പളം യഥാക്രമം 23, 500/- രൂപ 22,500/- രൂപ എന്ന നിരക്കിൽ കരാർ വ്യവസ്ഥയിൽ നിയമിക്കും.<br>• പ്രസ്തുത റെസ്ക്യൂ ബോട്ടുകളിൽ മറൈൻ ഹോം ഗാർഡുകളായി ശാരീരിക ശേഷിയുള്ള മത്സ്യത്തൊഴിലാളികളെ ഒരു ബോട്ടിൽ നാല് പേർ എന്ന തോതിൽ 15,000/- രൂപ(ദിവസവേതനം 350/- രൂപ, റിസ്കക് അലവൻസ് 150/- രൂപ) കരാർ വ്യവസ്ഥയിൽ നിയമിക്കും.<br>• അറ്റകുറ്റപ്പണികൾ ആവശ്യമായ ബോട്ടുകൾ റിപ്പയർ ചെയ്ത് മുഴുവൻ ബോട്ടുകളും പ്രവർത്തന സജ്ജമാക്കുന്നതാണ്.<br>• പണി പൂർത്തിയാക്കിയ രണ്ട് തീരദേശ പോലീസ് സ്റ്റേഷനുകളുടെ (തോട്ടപ്പള്ളി, അഴീക്കൽ) പ്രവർത്തനം ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| | ക്കുന്നത് സംബന്ധിച്ചും മറ്റ് ഫലപ്രദമായ കമ്മ്യൂണിക്കേഷൻ സാധ്യതകളെക്കുറിച്ചും വിശദമായി പഠിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) രക്ഷാപ്രവർത്തനങ്ങളിൽ പരിചയവും വൈദഗ്ദ്ധ്യവും ഉള്ളവരെ നിയമിച്ച് ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുമോ; | |
| (സി) പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി)യും(ഡി)യും ആദ്യഘട്ടത്തിൽ അനുവദിച്ച 8 തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ രണ്ടാം ഘട്ടത്തിൽ 10 തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനും, മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിനും, പി.ഒ.എൽ ചാർജ്, തീരദേശ പോലീസ് സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും, ബോട്ടുജട്ടികൾ നിർമ്മിക്കുന്നതിനും കൂടാതെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കംപ്യൂട്ടർ, ഫർണീച്ചർ തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിനും കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്? | |

സെക്ഷൻ ഓഫീസർ.